554/16

കേരള സർക്കാർ

സംഗ്രഹം

ഇടുക്കി സ്നേഹനന്ദിരത്തിലെ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ ഗ്രാന്റ് ലഭിയ്ക്കാത്ത അന്തേവാസികൾക്ക് ഓർഫനേജ് ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(എം.എസ്) നം. 29/2016/സാനീവ തിരുവനന്തപുരം , തീയതി.22.03.2016

=====================================================================

പരാമർശം : 1. 5.1.2011 ലെ സ.ഉ(എം.എസ്) നമ്പർ 1/2011/സാക്ഷേവ നമ്പർ ഉത്തരവ്

2. 31.3.2014 ലെ സ.ഉ(സാ.ധാ) നമ്പർ 250/2014/സാനീവ നമ്പർ ഉത്തരവ്

3. സാമൂഹ്യ നീതി ഡയറക്ടറുടെ 4.1.2016 ലെ OCB1-1176/15 നമ്പർ കത്ത്

## ഉത്തരവ്

സ്നേഹമന്ദിരം, സ്നേഹട്രസ്റ്റ്, പടമുഖം, ഇടുക്കി എന്ന സ്ഥാപനത്തിലെ 150 അന്തേവാസികളെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഓർഫനേജ് ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 24.07.2012 ൽ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ ഓഫ് മെന്റലി ഇൽ പേഴ്സൻസ് റൂൾസ് വന്നതിന്റെയടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിൽ PWD ആക്ട് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള മാനസികരോഗം ബാധിച്ച 104 അന്തേവാസികളെ പരാമർശം (2) ലെ ഉത്തരവ് പ്രകാരമുള്ള സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഒരേ വിഭാഗം അന്തേവാസികളെ സംസ്ഥാന സർക്കാരിന്റെ രണ്ട് ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിലും ഒരേ സമയം ഉൾപ്പെടുത്തുവാൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി സ്നേഹമന്ദിരം, സ്നേഹട്രസ്റ്റ്, പടമുഖം, ഇടുക്കി എന്ന സ്ഥാപനത്തിലെ ഗ്രാന്റ് അനുമതിയുള്ള 150 പേരിൽ മാനസിക രോഗ വിഭാഗത്തിൽപ്പെടുന്ന 104 പേരെ പൂർണ്ണമായും ഒഴിവാക്കി മെന്റൽ റിട്ടാർഡേഷൻ ബാധിച്ച 46 പേർക്ക് ഗ്രാന്റ് അനുവദിയ്ക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (3) ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരേ വിഭാഗം അന്തേവാസികളെ സംസ്ഥാന സർക്കാരിന്റെ രണ്ട് ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഒരേ സമയം

ഉൾപ്പെടുത്താൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി സൈക്കോസോഷ്യൽ ഗ്രാന്റ് ലഭിയ്ക്കാത്ത ഇടുക്കി സ്നേഹമന്ദിരത്തിലെ 46 അന്തേവാസികൾക്ക് മാത്രമായി നിജപ്പെടുത്തി 2235-02-104-98(നോൺ പ്ലാൻ) ഓർഫനേജ് ഗ്രാന്റ് ഇൻ എയ്ഡ് ശീർഷകത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. എം. എബ്രഹാം**

അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ